LIBRARY ARCHIVES Kerala Legislative Assembly

ആർ.ഇ. കൊടുത്തിട്ടുള്ള പി.ഡബ്ല്യു.ഡി. ഇറിഗേഷൻ വർക്കുകൾ

105 (4096) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ എത്ര പി.ഡബ്ല്യു.ഡി. ഇറിഗേഷൻ വർക്കുകളാണ് ധനകാര്യ വകുപ്പ് ആർ. ഇ. കൊടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാം പ്രവൃത്തികളാണെന്നും ഓരോ വർക്കിന്റെ ടെണ്ടർ ഉറപ്പിച്ച തുക എത്രയാണെന്നും ഫൈനൽ ബില്ല് എത്രയാണെന്നും ആർ.ഇ. എത്രയാണ് അനുവദിച്ചതെന്നും വിശദമാക്കാമോ;

(സി) ഓരോ വർക്കും ഏറ്റെടുത്ത കോൺട്രാക്ടർമാർ ആരാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) ആർ. ഇ. കൊടുത്ത ഓരോ വർക്കും എന്ത് കാരണം കൊണ്ടാണ് കൊടുത്തതെന്നും വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ആസ്തി വികസന ഫണ്ട് വഴി നടപ്പിലാക്കുന്ന കണ്ടറ മുക്കട മാർക്കറ്റിന്റെ പുരോഗതി

106 (4097) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് വഴി നടപ്പിലാക്കുന്ന കണ്ടറ മുക്കട മാർക്കറ്റിന്റെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പാർട്ട് ബിൽ മാറാത്തതു കാരണം കോൺട്രാക്ടർ പദ്ധതി നിർമ്മാണത്തിൽ കാട്ടുന്ന അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് തടസ്സമാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.